LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

342 (1031) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം ഇതുവരെ സംസ്ഥാനത്ത് എത്ര ഗ്രാമങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് ജില്ലയും വർഷവും തിരിച്ച് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പാക്കുന്നതിനുള്ള ചെലവ് ഏതു രീതിയിലാണെന്നും ഇതിന് കേന്ദ്ര സർക്കാർ സഹായം ലഭിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ;

(സി) പദ്ധതി പൂർത്തീകരണത്തിന്റെ കാലാവധി സംബന്ധിച്ച വിശദാംശങ്ങളും ഇതുവരെ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)

ജില്ല	2012-13	2013-14	ആകെ
(1)	(2)	(3)	(4)
തിരുവനന്തപുരം	13	15	28
കൊല്ലം	11	8	19
പത്തനംതിട്ട	5	6	11
ആലപ്പുഴ	8	3	11
ഇടുക്കി	3	5	8
കോട്ടയം	9	5	14
എറണാകുളം	10	16	26
തൃശ്ശൂർ	11	17	28
പാലക്കാട്	11	9	20

(1)	(2)	(3)	(4)
മലപ്പുറം	12	8	20
കോഴിക്കോട്	8	3	11
കണ്ണൂർ	5	2	7
വയനാട്	1	3	4
കാസർഗോഡ്	6	2	8
ആകെ	113	102	215

(ബി) സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് കോളനി നിവാസികളുമായി കൂടിയാലോചിച്ച് ബന്ധപ്പെട്ട ഏജൻസികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമാണ് തുക അനുവദിക്കുന്നത്. ടി പദ്ധതി പ്രകാരം ഒരു കോളനിക്ക് പരമാവധി ഒരു കോടി രൂപ വീതമാണ് അനുവദിക്കുന്നത്. വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നാണ് പദ്ധതിക്കായി തുക കണ്ടെത്തുന്നത്. ടി പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നില്ല.

(സി) ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾ എസ്റ്റിമേറ്റ് സമർപ്പിച്ച് കരാർ ഒപ്പിട്ട് ആറ് മാസത്തിനകം പണി പൂർത്തീകരിക്കണം എന്നായിരുന്നു നിർദ്ദേശം. പല കോളനികളിലും കോളനി നിവാസികളുടെ നിസ്സഹരണംമൂലം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 19 കോളനികളിൽ വികസന പ്രവർത്തനങ്ങൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികജാതി ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുക

343 (1032) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പട്ടികജാതി ക്ഷേമ പദ്ധതികൾക്കായി പ്രതിവർഷം ഏത്ര തുക നീക്കിവച്ചെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ, നീക്കി വച്ച തുക എന്നിവയുടെ വിശദാംശം നൽകുമോ; ഇതിനകം എത്ര തുക വർഷംപ്രതി ചെലവഴിച്ചെന്ന് വിശദമാക്കുമോ

LIBRARY ARCHIVES Kerala Legislative Assembly